# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26



A.L.P.S ബേത്തൂർപാറ

# ആമുഖം

2025-26 അധ്യയന വർഷത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്. മലയാള ഭാഷയിൽ വായനയ്ക്കും ലേഖനത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള ഈ കർമ്മപദ്ധതി രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്.

# ലക്ഷ്യങ്ങൾ

* മികച്ച ഭാഷയിൽ എഴുതുന്നതിനും ഒഴുക്കോടെ സ്വതന്ത്ര വായന നടത്തുന്നതിനും കൃത്യമായ സന്ദർഭങ്ങളിൽ വേണ്ട വിധം ഭാഷാശേഷി പ്രയോഗിക്കുന്നതിനുമുള്ള പ്രാപ്തി നേടുക.
* സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നു
* വായനയിൽ കുട്ടി എവിടെ നിൽക്കുന്നുവെന്ന് തിരിച്ചറിയുന്നു.
* സ്വതന്ത്ര രചനയിലേക്കും സ്വതന്ത്ര വായനയിലേക്കും കുട്ടികളെ എത്തിക്കുക.

പ്രവർത്തന കാലയളവ് - ജൂൺ - ഫെബ്രുവരി

## പ്രവർത്തന ക്രമങ്ങൾ

### ജൂൺ മാസം

- ജൂൺ 3 മുതൽ 10 വരെ 2,3,4 ക്ലാസുകളിൽ പ്രീടെസ്റ്റ് നടത്തി വിലയിരുത്തുന്നു.
- ക്ലാസധ്യാപകരുടെ നേതൃത്വത്തിൽ വായനയിൽ പിന്നോക്കം നിൽക്കുന്നവർക്ക് പിന്തുണ നൽകൽ.
- ഒന്നാം ക്ലാസിൽ ഒന്നൊരുക്കം പ്രവർത്തനങ്ങളിലൂടെ ക്ലാസ് അന്തരീക്ഷം ഉത്സാഹ ഭരിതമാക്കുന്നു.
- നിലവാരത്തിനു യോജിച്ച വായനാക്കാർഡുകളും ലൈബ്രറി പുസ്തകങ്ങളും കണ്ടെത്തി കുട്ടികൾക്ക് നൽകൽ.
- വായനാ വാരവുമായി ബന്ധപ്പെട്ട് പത്രവായനയ്ക്ക് പ്രോത്സാഹനം നൽകുകയും എല്ലാ മാസവും 30-ാം തീയ്യതി "പത്രക്വിസ്" എന്ന പേരിൽ ക്വിസ് മത്സരം നടത്തുകയും Monthly Star നെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

## ജൂലായ്

- ബഷീർ കഥകൾ അനുസ്മരിക്കലും ബഷീറിനെ കുറിച്ച് വീഡിയോ, ലേഖനം തുടങ്ങിയവയിലൂടെ അടുത്തറിയലും.
- തുടർന്ന് ബഷീറിനെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കൽ ( std 3,4)

## ഓഗസ്റ്റ്

- ഓഗസ്റ്റ് മാസത്തിൽ അമ്മ വായന പ്രോത്സാഹിപ്പിക്കുന്നതിനായി ലൈബ്രറി പുസ്തക വിതരണവും വായനാക്കാർഡ് വിതരണവും നടത്തുന്നു.
- ഓഗസ്റ്റ് മാസത്തിലെ CPTA യിൽ കുട്ടി അമ്മ വായിച്ചു കൊടുത്ത കഥയുടെ സാരാംശം പറയുകയും ചെയ്യുന്നു. 3, 4 ക്ലാസിലെ അമ്മമാർ വായിച്ച പുസ്തകത്തിന്റെ വായനാക്കുറിപ്പ് തയ്യാറാക്കുന്നു. മികച്ച വായനാക്കുറിപ്പിന് സമ്മാനം നൽകുന്നു.

## സെപ്തംബർ

CPTA യിൽ കുട്ടികളുടെ വായന

## ഒക്ടോബർ – ഫെബ്രുവരി

- പ്രശസ്ത കവി ശ്രീ. ബിജു ജോസഫിന്റെ നേതൃത്വത്തിൽ 'ഭാഷോത്സവം'.

- കാവ്യാവിഷ്കാരം (എല്ലാ മാസവും 30ന്, 3 & 4 ക്ലാസിലെ കുട്ടികൾക്ക്)
- പാട്ടരങ്ങ് (1, 2 ക്ലാസിലെ കുട്ടികൾക്ക്)
- റീഡേഴ്സ് തിയേറ്റർ

ഫെബ്രുവരി അവസാന വാരമാവുമ്പോഴേക്കും കുട്ടികളുടെ സ്വതന്ത്ര രചനകൾ ഉൾപ്പെടുത്തി മാഗസിൻ പ്രകാശനം ചെയ്യുന്നു.